LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് നടപടി

68 (517) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയിൽ ലഭിക്കുന്ന എല്ലാ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യയോഗ്യമാണോ എന്ന് പരിശോധിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഭക്ഷ്യവസ്തുക്കളിലെ മായംചേർക്കൽ കണ്ടെത്തുന്നതിന് ആരോഗ്യവകുപ്പിലെ സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സർക്കിൾ/മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടേയും നിശ്ചിത സാമ്പിളുകൾ ശേഖരിച്ച് അതാത് മേഖലാ അനലറ്റിക്കൽ ലാബുകളിലേക്ക് പരിശോധനക്ക് അയക്കുകയും ടി സാമ്പിളുകൾ മായം ചേർത്തതായോ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായോ കാണുന്നപക്ഷം മായംചേർക്കൽ നിരോധന നിയമപ്രകാരം ഉൽപ്പാദന വിതരണക്കാർക്കെതിരെ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ക്രിമിനൽ കേസ് ഫയൽചെയ്യുകയും ചെയ്തുവരുന്നു. ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് മായംചേർക്കൽ നിരോധന നിയമപ്രകാരം 6 മാസംവരെ തടവുശിക്ഷ ലഭിക്കാം.

(ബി) മായംചേർക്കൽ കണ്ടെത്തുന്നതിന് ഫുഡ്സേഫ്റ്റി കമ്മീഷറുടെ കീഴിൽ തിരുവനന്തരപുരത്തും എറണാകുളത്തും കോഴിക്കോടും ചീഫ് ഫുഡ് ഇൻസ്പെക്ടറും രണ്ട് ഫുഡ് ഇൻസ്പെക്ടർമാരും അടങ്ങുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നുണ്ട്.

പലിശരഹിത മെഡിക്കൽ അഡ്വാൻസ്

69 (518) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് പലിശരഹിത മെഡിക്കൽ അഡ്വാൻസ് എന്നുമുതലാണ് അനുവദിച്ചുതുടങ്ങിയത് ; വിശദാംശം അറിയിക്കുമോ ;

(ബി) പരമാവധി എത്ര തുകയാണ് ഐ.എഫ്.എം.എ.-യായി അനുവദിക്കുന്നത് ; ഉത്തരവ് ലഭ്യമാക്കുമോ ;

(സി) ക്യാൻസർ, ഹൃദ്രോഗം പോലുള്ള ചെലവേറിയ ചികിത്സയ്ക്ക് ഇപ്പോൾ നൽകുന്ന തുക പര്യാപ്തമാണോ ; ചികിത്സിക്കുന്ന ആശുപത്രികൾ കണക്കാക്കുന്ന എസ്റ്റിമേറ്റ് തുക പൂർണ്ണമായും വായ്പയായി നൽകുന്നുണ്ടോ ;

(ഡി) അല്ലെങ്കിൽ തുക വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 18-2-1997-ലെ സ.ഉ. (പി)45/97/ആ.കു.വ. പ്രകാരമാണ് സർക്കാർ ജീവനക്കാർക്ക് പലിശരഹിത വായ്പ അനുവദിച്ചുതുടങ്ങിയത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അസുഖങ്ങൾക്കും/പ്രക്രിയകൾക്കും വേണ്ടിയുള്ള ചികിത്സയ്ക്കും/പ്രക്രിയയ്ക്കും ചികിത്സയ്ക്ക് വിധേയമാകുന്ന സ്ഥാപനം സർട്ടിഫൈ ചെയ്യുന്ന എസ്റ്റിമേറ്റഡ് കോസ്റ്റിന്റെ 100% വരെ ബഡ്ജറ്റ്വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച്, പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്കനുസരിച്ച് നൽകുന്നുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി&ഡി) രണ്ട് ലക്ഷത്തിൽ കൂടുതൽ ചെലവുവരുന്ന ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ചികിത്സകൾക്ക് വിദഗ്ദ്ധ സമിതിയുടെ ഉപദേശപ്രകാരം റീജിയണൽ ക്യാൻസർ സെന്ററിലേയും ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേയും നിലവിലുള്ള നിരക്കുകൾക്കനുസൃതമായി വായ്പ അനുവദിക്കുന്നുണ്ട്.

കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയോട് ചേർന്ന് നഴ്സിംഗ് സ്കൂൾ ആരംഭിക്കാനുള്ള നടപടി

70 (520) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ നിയോജകമണ്ഡലത്തിലുള്ള കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയോടുചേർന്ന് കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെ നഴ്സിംഗ് സ്കൂൾ ആരംഭിക്കുവാൻ പ്രൊപ്പോസൽ നൽകിയിരുന്ന ഫയലിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഇതു സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) നഴ്സിംഗ് വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനുവേണ്ടി പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്ത കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം തേടുന്നതിനായി കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി ഉൾപ്പെടെ ആറ് സർക്കാർ ആശുപത്രിയോട് ചേർന്ന് 6 ജി.എൻ.എം. സ്കൂളുകളും 2 എ.എൻ.എം. സ്കൂളുകളും ആരംഭിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

എന്നാൽ പ്രസ്തുത നിർദ്ദേശം കേന്ദ്ര ആരോഗ്യ കുടുബക്ഷേമ വകുപ്പ് നിർദ്ദേശിച്ചിരുന്ന മാർഗ്ഗരേഖപ്രകാരം തയ്യാറാക്കപ്പെട്ട ഡി.പി.ആർ. അനുബന്ധ വിശദാംശങ്ങൾ എന്നിവ അടങ്ങിയവയായിരുന്നില്ല. ആയതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.